പാഠം 4

# നിന്റെ ദൈവമായ യഹോവയെ സ്നേഹിക്കുക

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: ആവ. 6:4,5; 10:12; എഫെ. 2:1–10; വെളി. 14:6,7; ആവ. 4:37; 11:1; മർക്കൊ. 12:28–30.**

**മനഃപാഠവാക്യം: "നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കണം" (ആവ. 6:5).**

യെഹൂദാമതത്തിൽ, ഏറ്റവും പ്രധാനപ്പെട്ട പ്രാർത്ഥനകളിൽ ഒരെണ്ണം എടുക്കപ്പെട്ടിരിക്കുന്നത് ആവർത്തനം ആറാമദ്ധ്യായത്തിൽനിന്നുമാണ്. ഇത് "ദി ഷേമ" (The Shema) എന്നു കാണിച്ചിരിക്കുന്നു. പ്രാർത്ഥനയുടെ പ്രഥമ എബ്രായപദത്തെ അടിസ്ഥാനമാക്കിയുള്ളതാണിത്. ഇത് "ശ്രദ്ധിക്കുക" അഥവാ "അനുസരിക്കുക" എന്നർത്ഥമാക്കുന്ന ഷാമാ (Shama) എന്ന മൂലപദത്തിൽനിന്നുമുള്ളതാണ്. ആവർത്തനത്തിൽ മാത്രമല്ല, പഴയനിയമത്തിലൂടനീളം ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്ന ഒരു പദമാണിത്.

ദി ഷേമാ എന്നതിന്റെ ആദ്യവരി നാം ഇങ്ങനെ വായിക്കുന്നു: ഷേമാ യിസ്രായേൽ അഡോണായ് എലോഹെനു അഡോണായ് എക്കാദ് (Shema Yisrael Adonai Elohenu Adonai echad).

ഇത് അർത്ഥമാക്കുന്നത്: "യിസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു" (ആവ. 6:4). പലപ്പോഴും യെഹൂദന്മാർ ഇതു പ്രാർത്ഥിക്കുമ്പോൾ അവരുടെ കണ്ണുകൾ അടയ്ക്കുന്നു. ദൈവത്തെക്കുറിച്ച് ചിന്തിക്കുന്നതിൽനിന്നും ഒന്നുംതന്നെ അവരുടെ ചിന്തയെ വ്യതിചലിപ്പിക്കുവാൻ പാടില്ല എന്നതാണ് ഇതിന്റെ ആശയം. ദി ഷേമാ എന്നതിന്റെ ആദ്യവരി നമ്മുടെ ദൈവമായ യഹോവ" (അഡോണായ് എലോഹെനു) എന്നാണ്. അതായത് ഏകദൈവാധിഷ്ഠിതമായവനിൽ വിശ്വാസമുറപ്പിക്കുക. യിസ്രായേലിന്റെ വിശ്വസ്തത അവനോടുമാത്രമാണ്. മറ്റൊരു ദേവനിലല്ല. വാസ്തവത്തിൽ "യഹോവയാണ് നമ്മുടെ ദൈവം" എന്നു വായിക്കാം.

യിസ്രായേൽ മക്കൾ വാഗ്ദത്തനാട്ടിൽ പ്രവേശിക്കാറായപ്പോൾ, മോശെ അവർക്കു കൊടുത്ത ആദ്യ പ്രബോധനത്തിന്റെ ഭാഗമാണ് ഈ ഒരു വരി. എങ്ങനെയായിരുന്നാലും ഈ ആദ്യവരിയുടെ പിന്നാലെയുള്ളത് അന്നത്തെപ്പോലെതന്നെ ഇന്നും നിർണ്ണായകമാംവിധം ശേഷിക്കുന്ന സത്യത്തിന്റെ ശക്തമായ ഒരു പ്രകടനമാണ്.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഒക്ടോബർ 23 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ദൈവത്തെ സ്നേഹിക്കുക

മോശെ യിസ്രായേൽ മക്കളോട് അവരുടെ ചരിത്രം ആവർത്തിച്ചതിനുശേഷം, ദേശം കൈവശമാക്കുന്നതിനും അതിന്മേൽ ഉന്നതി പ്രാപിക്കുന്നതിനും അവർ ചെയ്യേണ്ടവയെ സംബന്ധിച്ച നിർദ്ദേശങ്ങൾ കൊടുക്കുവാൻ തുടങ്ങി. അവരുടെ പിതാക്കന്മാരോട് ദൈവം ചെയ്ത വാഗ്ദത്തങ്ങൾ നിറവേറ്റുന്നതിൽ അവരോട് കാരുണ്യപൂർവ്വം ചെയ്ത ഉടമ്പടിയുടെ ഉദ്ദേശ്യം നിലനിർത്തുന്നതിനുവേണ്ടി അവർ ചെയ്യേണ്ട കാര്യങ്ങൾ ദൈവം ജനത്തോട് പറയുന്നതാണു വാസ്തവത്തിൽ ആവർത്തനപുസ്തകത്തിൽ ഭൂരിഭാഗവും എന്ന് ഒരുവനു വാദിക്കുവാൻ കഴിയും.

ആവർത്തനപുസ്തകം ആറാമദ്ധ്യായം ഇങ്ങനെ ആരംഭിക്കുന്നു: "നിങ്ങൾ കൈവശമാക്കുവാൻ കടന്നുചെല്ലുന്ന ദേശത്ത് നിങ്ങൾ അനുസരിച്ചു നടക്കേണ്ടതിനും നിന്റെ ജീവകാലം ഒക്കെയും നീയും നിന്റെ മകനും മകന്റെ മകനും ഞാൻ നിന്നോട് കല്പിക്കുന്ന നിന്റെ ദൈവമായ യഹോവയുടെ എല്ലാ ചട്ടങ്ങളും കല്പനകളും പ്രമാണിപ്പാൻ തക്കവണ്ണം അവനെ ഭയപ്പെടേണ്ടതിനും നീ ദീർഘായുസ്സോടിരിക്കേണ്ടതിനുമായി നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്ക് ഉപദേശിച്ചുതരുവാൻ കല്പിച്ചിട്ടുള്ള കല്പനകളും ചട്ടങ്ങളും വിധികളും ഇവ ആകുന്നു" (ആവ. 6:1,2).

**വായിക്കുക: ആവ. 6:4,5. അഞ്ചാം വാക്യത്തിൽ ദൈവം യിസ്രായേൽ മക്കൾക്കു കൊടുക്കുന്ന കല്പന എന്താണ്? അത് അർത്ഥമാക്കുന്നത് എന്താണ്?**

നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുക...? കല്പനയുടെയും മുന്നറിയിപ്പുകളുടെയും നിയമങ്ങളുടെയും കരുതൽ നടപടികളുടെയും മദ്ധ്യേ ദൈവത്തെ സ്നേഹിക്കുവാൻ ജനത്തെ വിളിച്ചിരിക്കുന്നു എന്നത് എത്ര താല്പര്യകരമാണ്. വെറുതേ അവനെ സ്നേഹിക്കുവാനല്ല, എന്നാൽ "പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണശക്തിയോടുംകൂടെ" സ്നേഹിക്കണമെന്നാണ്. ഇത് ഈ സ്നേഹത്തിന്റെ പരിപൂർണ്ണ സ്വഭാവത്തെ കാണിക്കുന്നു. ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണമെന്നു പറഞ്ഞാൽ, മറ്റെല്ലാറ്റിനെയും മറ്റാരെയും സ്നേഹിക്കുന്നതിനെക്കാളും പരമമായിരിക്കണം. കാരണം, നമ്മുടെ ജീവിതത്തിന്റെയും അസ്തിത്വത്തിന്റെയും മറ്റെല്ലാത്തിന്റെയും അടിസ്ഥാനവും നിദാനവും അവനാണ്. അവനോടുള്ള സ്നേഹം നമുക്കു മറ്റെല്ലാറ്റിനോടുമുള്ള സ്നേഹത്തെ ശരിയായ വീക്ഷണത്തിലാക്കുന്നു.

നിങ്ങളുടെ ദൈവം, നിങ്ങളുടെ ഹൃദയം, നിങ്ങളുടെ ശക്തി എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൾ എബ്രായഭാഷയിൽ "നിങ്ങളുടെ" എന്നതിന് ഏകവചനമായിട്ടാണ് അത് അർത്ഥമാക്കുന്നത്. അതേ, ദൈവം മൊത്തത്തിൽ ഒരു ജനതയോട് സംസാരിക്കുകയായിരുന്നു, എന്നാൽ മൊത്തം എന്നത് ഭാഗങ്ങൾപോലെ മാത്രം ശക്തിയുള്ളതാണ്. നാമൊരു വലിയ സംഘടനയുടെ ഭാഗമാണെങ്കിലും നാമോരോരുത്തരും വ്യക്തികളായി അവനോട് വിശ്വസ്തരായിരിക്കണം. അവൻ ആരായിരുന്നു എന്നതും അവൻ നമുക്കുവേണ്ടി എന്തു ചെയ്തു എന്നതും കാരണമായിരിക്കണം അവനോടുള്ള സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും അടിസ്ഥാനം.

**നിന്റെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണശക്തിയോടും ദൈവത്തെ സ്നേഹിക്കുക എന്നതിൽ നിങ്ങൾ അർത്ഥമാക്കുന്നത് എന്താണ്?**

## ദൈവത്തെ ഭയപ്പെടുക

യിസ്രായേൽ മക്കളോട്, തങ്ങൾക്കുള്ള എല്ലാറ്റിനോടും കൂടെ ദൈവത്തെ സ്നേഹിക്കുവാൻ മോശെ പറഞ്ഞു. അതൊരു കല്പനയായിരുന്നു. എന്നാൽ ഏതാനും വാക്യങ്ങൾക്കുമുമ്പ് മോശെ അവർക്കു മറ്റൊരു കല്പന കൊടുത്തു: “നിങ്ങൾ അവനെ ഭയപ്പെടേണ്ടതാകുന്നു” (ആവ. 6:1).

**വായിക്കുക: ആവ. 10:12. ഈ വാക്യത്തിൽ സ്നേഹത്തെയും ഭയത്തെയും പറ്റി ഇതെന്തുപറയുന്നു. നാം ഇതെങ്ങനെ മനസ്സിലാക്കുന്നു?**

ഒരു വാക്യത്തിൽ അവരോട് ദൈവത്തെ ഭയപ്പെടുന്നതിനും മറ്റൊരു വാക്യത്തിൽ അവനെ സ്നേഹിക്കുന്നതിനും പറഞ്ഞു. ഈ വാക്യത്തിൽ ഒരേ സമയത്തുതന്നെ അവനെ ഭയപ്പെടുന്നതിനും സ്നേഹിക്കുന്നതിനും പറഞ്ഞിരിക്കുന്നു. “ഭയപ്പെടുക” എന്ന വാക്കിനെ സാധാരണഗതിയിൽ മനസ്സിലാക്കുമ്പോൾ, ഇതൊരു വിരോധാഭാസംപോലെ തോന്നിയേക്കാം. എന്നാൽ ഇതങ്ങനെയല്ല. അതിനുപകരം അവൻ ആരാകുന്നു അവന്റെ അധികാരം, ശക്തി, ന്യായം, നീതി എന്നിവ കാരണമുള്ള ഭയഭക്തിയുടെയും ബഹുമാനത്തിന്റെയും അർത്ഥത്തിൽ പ്രത്യേകിച്ച്, നമ്മുടെ പാപാവസ്ഥ, ബലഹീനത, അവങ്കലുള്ള പൂർണ്ണാശ്രയം എന്നിവയുമായി ഒത്തുനോക്കുമ്പോൾ ദൈവഭയം സ്വാഭാവികമായ ഒരു പ്രതിഫലനമായിരിക്കണം. നാം വീഴ്ച ഭവിച്ച ജനവും ദൈവകല്പന ലംഘിച്ചവരും, അവന്റെ കൃപയല്ലാതിരുന്നെങ്കിൽ ശിക്ഷാവിധിക്കും നിത്യമരണത്തിനും യോഗ്യരായവരുമാണ്.

**വായിക്കുക: എഫെ. 2:1–10. ദൈവത്തെ ഭയപ്പെടുവാനും അതേ സമയംതന്നെ ദൈവത്തെ സ്നേഹിക്കുവാനും എങ്ങനെ കഴിയുമെന്നത് മനസ്സിലാക്കുവാൻ ഈ വാക്യങ്ങൾ എങ്ങനെ സഹായിക്കുന്നു?**

നാം “കോപത്തിന്റെ മക്കൾ” ആയിരുന്നു എന്ന വസ്തുതയുണ്ടായിരുന്നെങ്കിലും (അതുകൊണ്ടാണ് നാം അവനെ ഭയപ്പെടേണ്ടിയിരിക്കുന്നത്), ക്രിസ്തു നമുക്കുവേണ്ടി മരിക്കുകയും അങ്ങനെ പാപത്തിൽനിന്നും കഴിഞ്ഞ കാലത്തെ ശിക്ഷാവിധിയിൽനിന്നുമുള്ള സ്വാതന്ത്ര്യമുൾപ്പെടുന്ന ഒരു പുതുജീവൻ അവൻ തരുകയും ചെയ്തു (അതുകൊണ്ടാണ് നാം അവനെ സ്നേഹിക്കേണ്ടിയിരിക്കുന്നത്).

ഇത് ഇന്നു നമ്മെ സംബന്ധിച്ചിടത്തോളം വാസ്തവമായിരിക്കുന്നതുപോലെ, ഈ തത്വം പൗരാണിക യിസ്രായേലിന് പ്രയോഗയോഗ്യമായിരിക്കുന്നു: അവർ മിസ്രയീമിൽ അടിമകളായിരുന്നു, അടിമത്വത്തിനും അടിച്ചമർത്തലിനും വിധിക്കപ്പെട്ടവരും ആയിരുന്നു. അവരുടെ മഹാവീണ്ടെടുപ്പിലേക്കു നയിച്ചത് അവരോടുള്ള ദൈവത്തിന്റെ മഹാകരുണയും സ്നേഹവും മാത്രമായിരുന്നു. “നീ മിസ്രയീം ദേശത്ത്... എന്നും ഓർക്ക” (ആവ. 5:15). അപ്പോൾ ഒരേസമയം അവർ ദൈവത്തെ സ്നേഹിക്കുകയും ഭയപ്പെടുകയും ചെയ്യുന്നു എന്നതിൽ അതിശയോക്തിയില്ല. അവർ അങ്ങനെ ചെയ്യണമായിരുന്നെങ്കിൽ നമുക്കുവേണ്ടി യേശു കാൽവരിയിൽ മരിക്കുന്ന മഹൽസത്യം നമുക്കുള്ളതുകൊണ്ട് നാം എത്രയധികം ചെയ്യണം?

**വായിക്കുക: വെളി. 14:6,7. “ദൈവത്തെ ഭയപ്പെടുക” എന്നത് ലോകത്തിനുവേണ്ടിയുള്ള അവന്റെ അന്ത്യകാല ദൂതിന്റെ ഒന്നാമത്തെ കല്പനയായിരിക്കണമെന്നു**

ള്ളത് എന്തുകൊണ്ട് എന്നതിനെ നാം എങ്ങനെയാണു മനസ്സിലാക്കേണ്ടത്? ലോകത്തിന്മേൽ വരുവാൻപോകുന്നത് എന്താണെന്നു നാം അറിയുന്നത് നമുക്കു നല്കപ്പെട്ടിരിക്കെ, ഈ കല്പന കൂടുതൽ അർത്ഥവത്താകുന്നത് എന്തുകൊണ്ട്?

## അവൻ നമ്മെ ആദ്യം സ്നേഹിച്ചു

ആവർത്തനപുസ്തകത്തിലെ നിയമങ്ങൾ, ചിട്ടകൾ, ജനം അവന്റെ കല്പനകൾ അനുസരിച്ചു നടക്കണമെന്ന ഉപദേശങ്ങൾ, മുന്നറിയിപ്പുകൾ, അവന്റെ ന്യായവിധി, ചട്ടങ്ങൾ എന്നിവയുടെയെല്ലാം മദ്ധ്യേപോലും, പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണശക്തിയോടുംകൂടെ ദൈവത്തെ സ്നേഹിക്കുന്നതിൽ അവർ ഒന്നാമതും മുൻപന്തിയിലും ആയിരുന്നു. തീർച്ചയായും അതു ചെയ്യുന്നതിൽ അവർക്കു നല്ല കാരണങ്ങളുണ്ടായിരുന്നു.

**വായിക്കുക: ആവ. 4:37; 7:7,8,13; 10:15; 23:5; 33:3. ദൈവത്തിന് തന്റെ ജനത്തോടുള്ള സ്നേഹത്തെക്കുറിച്ച് ഈ വാക്യങ്ങൾ നമ്മെ എന്തു പഠിപ്പിക്കുന്നു?**

ആവർത്തനപുസ്തകത്തിൽ മോശെ ആവർത്തിച്ചാവർത്തിച്ച് ദൈവത്തിന് അവരുടെ പിതാക്കന്മാരോടും അവരോടുമുള്ള തന്റെ സ്നേഹത്തെക്കുറിച്ചു പറഞ്ഞു. എന്നാൽ വെറും വാക്കുകൾക്കുപരിയായി, ദൈവം തന്റെ പ്രവൃത്തികളിലൂടെ ഈ സ്നേഹം വെളിപ്പെടുത്തി. അതായത്, അവർക്ക് അവരുടെ കുറവുകളും തോൽവികളും പാപങ്ങളുമൊക്കെ ഉണ്ടായിരുന്നെങ്കിലും, ദൈവത്തിന് അവരോടുള്ള സ്നേഹം ഉറച്ചതുതന്നെയായിരുന്നു – അത് അവരോടുള്ള അവന്റെ പ്രവൃത്തികളിലൂടെ ശക്തമാംവിധം പ്രകടമാക്കപ്പെട്ട ഒരു സ്നേഹമായിരുന്നു.

**"അവൻ നമ്മെ ആദ്യം സ്നേഹിച്ചതുകൊണ്ട് നാം അവനെ സ്നേഹിക്കുന്നു" (1 യോഹ. 4:19). നാം ദൈവത്തെ സ്നേഹിക്കണമെന്നത് എന്തുകൊണ്ട് എന്നു മനസ്സിലാക്കുവാൻ ഈ വാക്യം എങ്ങനെ സഹായിക്കുന്നു?**

നമുക്കുവേണ്ടിയുള്ള ദൈവസ്നേഹം നമ്മുടെ അസ്തിത്വത്തിനു മുമ്പുതന്നെ മുൻനിശ്ചയിക്കപ്പെട്ടതും അത് "ലോകസ്ഥാപനത്തിനുമുമ്പെ" രക്ഷാപദ്ധതിയിൽ ഉൾപ്പെട്ടതുമാണ് (എഫെ. 1:4).

എലൻ വൈറ്റ് ഇങ്ങനെ പറഞ്ഞു: "നമ്മുടെ വീണ്ടെടുപ്പിനുവേണ്ടിയുള്ള പദ്ധതി ആദാമിന്റെ വീഴ്ചയ്ക്കുശേഷം രൂപംകൊണ്ട ഒരു ചിന്തയല്ല. നിത്യത മുതൽ നിശ്ശബ്ദതയിൽ സൂക്ഷിക്കപ്പെട്ട മർമ്മത്തിന്റെ ഒരു വെളിപ്പാട് ആയിരുന്നു അത് (റോമർ 16:25). അത് നിത്യത മുതൽ ദൈവസിംഹാസനത്തിന്റെ അടിസ്ഥാനമായിരുന്ന തത്വങ്ങളുടെ ഒരു ചുരുളഴിയലായിരുന്നു." – The Desire of Ages, p. 22.

വാസ്തവത്തിൽ, നമുക്കുവേണ്ടി ക്രൂശിലേക്കു പോകുവാൻ മതിയാകുംവിധം മഹത്തായതും "തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീരുവാൻ" മതിയായ സ്വയത്യാഗത്തിന്റേതുമായ സ്നേഹത്തിന്റെ ദൈവം നമുക്കുള്ളതുകൊണ്ട് നാം എത്ര ഭാഗ്യമുള്ളവരാണ് (ഫിലി. 2:8). അങ്ങനെ, യിസ്രായേൽ മക്കൾക്കു മിക്കവാറും സങ്കല്പിക്കുവാൻപോലും കഴിയാത്ത ദൈവസ്നേഹത്തിന്റെ ഒരു വെളിപ്പാടാണ് ഇന്നു നമുക്കുള്ളത്.

**സ്നേഹമായിരിക്കുന്നതിനുപകരം, ദൈവം വെറുപ്പോ അലക്ഷ്യനോ ആയിരുന്നുവെങ്കിൽ എന്താകുമായിരുന്നു? എത്തരത്തിലുള്ള ലോകമായിരിക്കുമായിരുന്നു ഇത്? നമുക്കുവേണ്ടിയുള്ള ദൈവസ്നേഹത്തിന്റെ ഈ വെളിപ്പാടാണ് നാം വാസ്തവത്തിൽ സന്തോഷിക്കുവാനുള്ളതായിരിക്കുന്നത് എന്തുകൊണ്ട്?**

## നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും

ഒരു ജനതയെന്നവിധം യിസ്രായേലിനെ ദൈവം വിളിച്ചത് അവനെ സ്നേഹിക്കുന്നതിനാണ്. എന്നാൽ ഇതു സംഭവ്യമായത് ഓരോരുത്തരായിട്ടു മാത്രമാണ്. തിരഞ്ഞെടുപ്പിന്റെ സ്വാതന്ത്ര്യം നല്കപ്പെട്ട ഒരു വ്യക്തിയെന്നനിലയിൽ ഓരോ യിസ്രായേല്യനും ദൈവത്തെ സ്നേഹിക്കുന്നതിന് സ്വന്തം തിരഞ്ഞെടുപ്പുണ്ടാക്കേണ്ടിയിരുന്നു – ആ സ്നേഹം അവർ അനുസരണത്തിലൂടെ കാണിക്കുകയും ചെയ്യണമായിരുന്നു.

**താഴെ കാണുന്ന വാക്യങ്ങളിൽ പൊതുവെ കാണുന്നത് എന്താണ്? അതായത് അവയ്ക്കിടയിലുള്ള പൊതുവിഷയം എന്താണ്?**

ആവ. 5:10

ആവ. 7:9

ആവ. 10:12

ആവ. 11:1

ആവ. 19:9

ദൈവവചനത്തിന് എത്ര വ്യക്തമായിരിക്കുവാൻ കഴിയും? ദൈവം നമ്മെ സ്നേഹിക്കുന്നു എന്ന് അവൻ വെറുതെ പറയുകയില്ല. എന്നാൽ അവൻ നമുക്കുവേണ്ടി ചെയ്തതിലൂടെയും ഇപ്പോൾ ചെയ്യുന്നതിലൂടെയും ആ സ്നേഹം അവൻ വെളിപ്പെടുത്തിയിരിക്കുന്നു. ദൈവജനവും അവരുടെ പ്രവൃത്തികളിലൂടെ അവർക്കു ദൈവത്തോടുള്ള സ്നേഹം കാണിക്കണം. ഈ വാക്യങ്ങളിൽ ദൈവത്തോടുള്ള സ്നേഹം അവനോടുള്ള അനുസരണവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു എന്നു നാം കാണുന്നു.

അതുകൊണ്ടാണ്, "അവന്റെ കല്പനകളെ... സ്നേഹം" (1 യോഹ. 5:3) എന്ന് യോഹന്നാൻ പറഞ്ഞപ്പോഴും, അല്ലെങ്കിൽ "നിങ്ങൾ എന്നെ... കാത്തുകൊള്ളും" (യോഹ. 14:15) എന്ന് യേശു പറഞ്ഞപ്പോഴും ഈ വാക്യങ്ങൾ പ്രകടമാക്കുന്നത് ഈ അടിസ്ഥാന ഉപദേശത്തെയാണ്. ദൈവത്തോടുള്ള സ്നേഹം എല്ലായ്പോഴും അവനോടുള്ള അനുസരണത്തിലൂടെ പ്രകടമാകണം. അത് എല്ലായ്പോഴും അങ്ങനെയാകുന്നു. അങ്ങനെ ആയിത്തീരുകയും വേണം. ഈ അനുസരണത്തിന്റെ അർത്ഥം, ശബ്ബത്ത് എന്ന നാലാമത്തെ കല്പനയുംകൂടെ ഉൾപ്പെടുന്ന പത്തു കല്പനയുടെ അനുസരണമാണ്. നാലാംകല്പനയുടെ അനുസരണം ഒരിക്കലും മറ്റ് ഒമ്പതു കല്പനകളും അനുസരിക്കുന്നതിനെക്കാളുമുള്ള നിയമസിദ്ധാന്തമല്ല.

കല്പനകളിൽ ഏതെങ്കിലും ഒന്നിനോടുള്ള അനുസരണം നിയമസിദ്ധാന്തമാകുവാൻ കഴിയും, അത്തരത്തിലുള്ള അനുസരണം വാസ്തവത്തിൽ ദൈവത്തോടുള്ള സ്നേഹത്തിൽ ഉളവാകുന്നതല്ല. പ്രത്യേകിച്ച്, ക്രിസ്തുയേശുവിലൂടെ അവൻ നമുക്കുവേണ്ടി എന്തുചെയ്തു എന്നതുകാരണം, നാം വാസ്തവത്തിൽ ദൈവത്തെ സ്നേഹിക്കുമ്പോൾ, അവനെ അനുസരിക്കുവാൻ നാമാഗ്രഹിക്കുന്നു. കാരണം നാം ചെയ്യുവാൻ തക്കവണ്ണം അവൻ ആവശ്യപ്പെടുന്നത് അതാണ്.

ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിന് യിസ്രായേലിനോട് മോശെ ആവർത്തിച്ചുപറഞ്ഞത് അവർ മിസ്രയീമിൽനിന്നും വിടുവിക്കപ്പെട്ടതിനുശേഷമായിരുന്നു. അതായത് അവരുടെ സ്നേഹവും അനുസരണവും അവർക്കു നല്കപ്പെട്ട വീണ്ടെടുപ്പിന്റെ ഒരു മറുപടിയായിരുന്നു. യഹോവയാൽ അവർ വീണ്ടെടുക്കപ്പെട്ടു. ഇപ്പോൾ വിശ്വസ്തതയോടെ അവന്റെ കല്പന അനുസരിക്കുന്നതിലൂടെ അവർ പ്രത്യുത്തരം നല്കണം. ഇന്നത് ഏതെങ്കിലുംതരത്തിൽ വ്യത്യസ്തമാണോ?

**ദൈവത്തെ അനുസരിക്കുവാൻ ഇറങ്ങുന്നതിൽ നിങ്ങളുടെ സ്വന്തം അനുഭവമെന്താണ്? അതായത് ദൈവത്തെ അനുസരിക്കുന്നതിനുള്ള നിങ്ങളുടെ പ്രേരണകൾ എന്തൊക്കെയാണ്? എന്തുകൊണ്ട് നാം ഇത് അവനോടുള്ള സ്നേഹം മുഖാന്തരം ചെയ്യണം? ആരെങ്കിലും അവനെ ഭയപ്പെടുന്നുണ്ടെങ്കിൽ എന്തു പങ്കുംകൂടെയാണ് ഭയം സംബന്ധിച്ചുള്ള വേദപുസ്തകാടിസ്ഥാനത്തിലുള്ള ധാരണ വഹിക്കുന്നത്?**

## ഒന്നാമത്തെ കല്പന

ഒട്ടേറെ ക്രിസ്ത്യാനികളും പല കാരണങ്ങളാൽ, പഴയനിയമത്തെ പുതിയനിയമത്തിൽനിന്നും വേർതിരിച്ചുകാണിക്കുവാൻ ശ്രമിക്കുന്നു. അങ്ങനെ വേർപെടുത്തുകയാണെങ്കിൽ, പുതിയനിയമത്തിന് അതിന്റെ യഥാർത്ഥ അർത്ഥം നഷ്ടമാകും. പുതിയനിയമം, അതിലെ യേശുവിന്റെ വെളിപ്പെടുത്തലും അവന്റെ ജീവിതം, മരണം, പുനരുത്ഥാനം, മഹാപൗരോഹിത്യശുശ്രൂഷ എന്നിവയും പല പഴയനിയമ പ്രവചനങ്ങളിലേക്കും പ്രതീകങ്ങളിലേക്കും വിരൽചൂണ്ടുന്നു. പലവിധത്തിലും പുതിയനിയമത്തിന്റെ പശ്ചാത്തലം, സന്ദർഭം, അടിസ്ഥാനം എന്നിവയ്ക്കു പഴയനിയമം രൂപം കൊടുക്കുന്നു. ബൈബിളിന്റെ രണ്ടുഭാഗങ്ങളും ദൈവത്തിന്റെ നന്മയും സ്നേഹവും വെളിപ്പെടുത്തുന്നു. അതുകൊണ്ടുതന്നെയാണ് യേശു ഉൾപ്പെടെ, പുതിയനിയമം പഴയനിയമത്തെ ആവർത്തിച്ചുദ്ധരിക്കുന്നത്.

**വായിക്കുക: മർക്കൊസ് 12:28–30. എല്ലാ കല്പനകളിലുംവച്ച് ഒന്നാമത്തെ കല്പനയെക്കുറിച്ച് ചോദിച്ചിരിക്കുന്ന ചോദ്യം ഏതാണ്? യേശുവിന്റെ മറുപടി എന്തായിരുന്നു. ആ ഉത്തരം ലഭിച്ചത് എവിടെനിന്നുമായിരുന്നു?**

ന്യായപ്രമാണവും അതെങ്ങനെ പ്രായോഗികമാക്കണമെന്നതും മനസ്സിലാക്കുന്നതിന് ജീവിതം സമർപ്പിച്ചിട്ടുണ്ടായിരുന്ന ഒരു ശാസ്ത്രി ഈ ചോദ്യം ചോദിച്ചത് താല്പര്യകരമായ ഒരു കാര്യമാണ്. എങ്ങനെയായിരുന്നാലും അവർ അനുസരിക്കേണ്ടതിനു പലകല്പനകൾ ഉണ്ടെന്ന് അവർ വിശ്വസിച്ചിരുന്നു (613 കല്പനകൾ ഉണ്ടെന്ന് യെഹൂദാപാരമ്പര്യം പറഞ്ഞു). ഇവയെല്ലാം ഒരുമിച്ചുചേർത്ത് അവർക്കു ഒരു ചോദ്യമാക്കണമെന്ന് ആഗ്രഹിച്ചത് ആശ്ചര്യകരമല്ല.

യേശു ചെയ്തതെന്താണ്? അവൻ നേരെ ഇങ്ങനെ പറഞ്ഞു: “യിസ്രായേലേ കേൾക്ക, യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻതന്നെ” (ആവ. 6:4). എന്നിട്ട് പൂർണ്ണഹൃദയത്തോടും ആത്മാവോടും ശക്തിയോടും ദൈവത്തെ സ്നേഹിക്കണമെന്നുള്ള അടുത്ത വാക്യവും ഉദ്ധരിച്ചു. യഹോവ അവരുടെ ദൈവമാണെന്നും അവരുടെ ഏക ദൈവമാണെന്നും ആ മഹൽസത്യത്തെ അടിസ്ഥാനമാക്കി അവനെ പരമോന്നതമായി സ്നേഹിപ്പാൻ അവർ വിളിക്കപ്പെട്ടിരിക്കുകയാണെന്നും ചൂണ്ടിക്കാണിച്ചു.

ഈ കല്പനയെക്കാളുമധികം “ഏതൽക്കാല സത്യ”മായിരിക്കുവാൻ മറ്റെന്തിനു കഴിയും? അന്ത്യനാളുകളിൽ അന്ത്യകാല സംഭവങ്ങൾ വെളിപ്പെട്ടുവരുകയും വളരെയൊരു നാടകീയമാംവിധം ഒരുവശം അല്ലെങ്കിൽ മറ്റൊരുവശം തിരഞ്ഞെടുക്കുവാൻ ഓരോരുത്തരും വിളിക്കപ്പെടുമ്പോൾ, ദൈവത്തിന്റെ കല്പനകൾ (വെളി. 14:12) ഒരു നിർണ്ണായകമായ പങ്കു വഹിക്കും. അന്തിമമായി, പീഡനത്തിന്റെ മദ്ധ്യേയാണെങ്കിലും നാം തിരഞ്ഞെടുക്കുന്ന വശം, നാം യഥാർത്ഥത്തിൽ ദൈവത്തെ സ്നേഹിക്കുന്നുണ്ടോ ഇല്ലയോ എന്നതിനെ അടിസ്ഥാനമാക്കിയായിരിക്കും, നമുക്കുവേണ്ടിത്തന്നെ അവനെ അറിയുകയും നമുക്കുവേണ്ടിത്തന്നെ അവന്റെ നന്മയും സ്നേഹവും കൃപയും അനുഭവിക്കുകയും ചെയ്യുന്നെങ്കിൽമാത്രമേ അവനെ നമുക്കു പൂർണ്ണഹൃദയത്തോടും ആത്മാവോടും ശക്തിയോടുംകൂടെ സ്നേഹിക്കുവാൻ കഴിയുകയുള്ളൂ.

തീർപ്പു കല്പിക്കുന്ന വിഷയം അതാണ്. ആവശ്യമാണെങ്കിൽ മരിക്കുവാൻതന്നെ ഒരുക്കമായിരിക്കുന്ന വിഷയവും അതുതന്നെയായിരിക്കും.

**ഒരിക്കലും മനുഷ്യർ വ്യക്തിപരമായി കണ്ടിട്ടില്ലാത്ത ഒരു ദൈവത്തെ അവർക്ക് എങ്ങനെ സ്നേഹിക്കുവാൻ കഴിയും എന്നു നിങ്ങളോട് ആരെങ്കിലും ചോദിച്ചാൽ നിങ്ങൾ എന്തുത്തരം പറയും? നിങ്ങളുടെ ഉത്തരത്തെപ്പറ്റി ക്ലാസ്സിൽ സംസാരിക്കുക.**

## കൂടുതൽ പഠനത്തിന്:

“നിത്യതയിലുടനീളം വീണ്ടെടുക്കപ്പെട്ടവരുടെ ശാസ്ത്രപഠനവും ഗാനവും ക്രിസ്തുവിന്റെ ക്രൂശായിരിക്കും. മഹത്വീകരിക്കപ്പെട്ട ക്രിസ്തുവിൽ അവർ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ കാണും. ശൂന്യാകാശത്തിലെ അസംഖ്യങ്ങളായ ലോകങ്ങളെ തന്റെ ശക്തിയാൽ സൃഷ്ടിക്കുകയും അവയെ താങ്ങിനിർത്തുകയും ചെയ്യുന്നവനും സ്വർഗ്ഗത്തിന്റെ മഹത്വവും ദൈവത്തിനു പ്രിയനായവനും വണങ്ങുന്നതിൽ കെരൂബുകളും ശോഭയേറിയ സാറാഫുകളും ആനന്ദം കണ്ടെത്തുന്നവനുമായവൻ വീഴ്ച ഭവിച്ച മാനവകുലത്തെ ഉയർത്തുന്നതിനുവേണ്ടി തന്നെത്താൻ താഴ്ത്തി, പാപത്തിന്റെ അപരാധവും നിന്ദയും ഏറ്റുവാങ്ങിയതും കാൽവറി ക്രൂശിൽ ലോകത്തിന്റെ അകൃത്യഭാരം അവന്റെ ഹൃദയത്തെ തകർക്കുകയും ജീവനെ ഞെരിക്കുകയും ചെയ്തതുവരെ അവന്റെ പിതാവ് മുഖം മറെച്ചുകളഞ്ഞതും ഒരിക്കലും മറക്കുകയില്ല. സർവ്വലോകത്തിന്റെയും സ്രഷ്ടാവും സകല ഭാഗധേയങ്ങളുടെയും വിധികർത്താവുമായവൻ മനുഷ്യനോടുള്ള സ്നേഹംമൂലം തന്റെ സ്വർഗ്ഗീയ മഹിമ വെടിഞ്ഞ് തന്നെത്താൻ താഴ്ത്തിയത് അഖിലാണ്ഡത്തിന്റെ ഭയഭക്തിയും വിസ്മയവും എല്ലാനാളും ഉണർത്തും. രക്ഷിക്കപ്പെട്ടവർ അവരുടെ വീണ്ടെടുപ്പുകാരനെ നോക്കുകയും പിതാവിന്റെ നിത്യമഹത്വം അവന്റെ മുഖത്ത് പ്രസരിക്കുന്നത് കാണുകയും നിത്യതയോളമുള്ള അവന്റെ സിംഹാസനം ദർശിക്കുകയും അവന്റെ രാജ്യത്തിന് ഒരന്ത്യമില്ലായെന്നു മനസ്സിലാക്കുകയും ചെയ്യുമ്പോൾ, അറുക്കപ്പെട്ട കുഞ്ഞാട് യോഗ്യനെന്നും അവന്റെ ഏറ്റവും വിലപ്പെട്ട സ്വന്തം രക്തത്താൽ ദൈവത്തിനു നമ്മെ വീണ്ടെടുത്തിരിക്കുന്നു എന്നും അത്യാഹ്ലാദത്തോടെ അവർ പാടും.” - Ellen G. White, The Great Controversy, pp. 651. 652.

## ചർച്ചാചോദ്യങ്ങൾ

1. **എലൻ വൈറ്റിന്റെ മുകളിൽ കാണുന്ന പ്രസ്താവന വായിക്കുക. നമുക്കുള്ള സ്നേഹത്തിൽവച്ച് ഏറ്റവും മഹത്തായ സ്നേഹം ദൈവത്തോടുള്ള സ്നേഹമായിരിക്കണമെന്നത് എന്തുകൊണ്ടാണെന്നു മനസ്സിലാക്കുവാൻ സഹായിക്കുന്നതിനെക്കുറിച്ച് ഇതെന്തു പറയുന്നു? ബഹിരാകാശമണ്ഡലത്തിലുടനീളമുള്ള അസംഖ്യം ലോകങ്ങളെ താങ്ങിനിർത്തുന്ന ദൈവമാണ് നമുക്കുവേണ്ടി കാൽവറിക്കുരിശിൽ യാഗമായത് എന്ന കാര്യം എന്താണ് അർത്ഥമാക്കുന്നത് എന്നതിനെക്കുറിച്ചു ചിന്തിക്കുക. എന്തുകൊണ്ട് ഈ സത്യം ദൈവവുമായുള്ള നമ്മുടെ ബന്ധത്തിന്റെ അടിസ്ഥാനമാകണം?**
2. **ഒരേസമയംതന്നെ ദൈവത്തെ സ്നേഹിക്കുകയും ഭയപ്പെടുകയും ചെയ്യുക എന്ന ആശയത്തെപ്പറ്റി കൂടുതൽ ചിന്തിക്കുക. എങ്ങനെ നാം രണ്ടും ഒരുമിച്ചു ചെയ്യണം, എന്തുകൊണ്ട് ചെയ്യണം?**
3. **നമ്മുടെ ജീവിതത്തിൽ എല്ലാം നല്ലതായി പോകുമ്പോൾ ദൈവത്തെ സ്നേഹിക്കുക എന്നു പറയുന്നത് ഒരു കാര്യമാണ്. എല്ലാം സുഗമമായി പോകാതെ നാം ഒരു ദുരന്തം നേരിടുമ്പോൾ എങ്ങനെയാണ്? എല്ലാം സുഗമമായിരിക്കുമ്പോഴത്തെക്കാളും പ്രതിസന്ധിഘട്ടങ്ങളിൽ ദൈവത്തെ സ്നേഹിക്കുന്നത് അത്ര പ്രധാനമാണോ?**
4. **വ്യാഴാഴ്ചത്തെ പഠനത്തിലുള്ള അവസാന ചോദ്യത്തെപ്പറ്റി ചിന്തിക്കുക. ദൈവത്തെ സ്നേഹിക്കുക എന്നാൽ എന്താണ് അർത്ഥമാക്കുന്നത് എന്നതിനെപ്പറ്റി വിശ്വാസിയല്ലാത്ത ഒരുവനോട് വിശദീകരിക്കുന്നതിന് ഉണ്ടാക്കേണ്ട വിവിധ സമീപനങ്ങൾ എന്തൊക്കെയാണ്? ശാരീരികമായി ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരുവനെ മനുഷ്യനെന്ന നിലയിൽ നമുക്കെങ്ങനെ സ്നേഹിക്കുവാൻ കഴിയും? കുറഞ്ഞത് ഒരു വ്യക്തിയായിട്ടെങ്കിലും നാം ഒരിക്കലും കണ്ടിട്ടില്ല എന്നത് എന്തുകൊണ്ട് ഒരു വിഷയമാകുന്നില്ല?**